GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്ത് - 01.04.99 മുതൽ 31.03.02 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഭവന നിർമ്മാണ പ്രോജക്ടുകൾ - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 21/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 03.01.2013

---

പരാമർശം:
1. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 10.04.12-ൽ കൂടിയ ജനറൽ കമ്മിറ്റിയുടെ II (എ)-ാം നമ്പർ തീരുമാനം.
2. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.04.12-ലെ ഡി3-1345/04/സി2 നമ്പർ കത്ത്.
3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 05.12.12-ലെ എൽ.എഫ് 12976/പി.റ്റി1/12-ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 99-2000 മുതൽ 2001-2002 വരെയുള്ള കാലയളവിലെ ഭവന നിർമ്മാണ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ ലിസ്റ്റ് നിയമാനുസൃതമല്ലാതെ തയ്യാറാക്കിയതിനാൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശമുണ്ടായിരുന്നു.

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 10.04.12-ൽ കൂടിയ ജനറൽ കമ്മിറ്റിയിൽ ടി വിഷയം ചർച്ച ചെയ്യുകയും താഴെ പറയുന്ന കാരണങ്ങളാലാണ് വീഴ്ച സംഭവിച്ചതെന്ന് കണ്ടെത്തുകയും ചെയ്തു.

എ) കോട്ടയം ജില്ലാ പഞ്ചായത്തിൽ ടി കാലയളവിൽ പ്രോജക്ടുകൾ പാസ്സാക്കിയത് ഫെബ്രുവരി മാസത്തിലാണ്.

ബി) ഇപ്രകാരം പ്രോജക്ടുകൾ അംഗീകരിച്ചു കിട്ടുന്നത് സാമ്പത്തിക വർഷത്തിന്റെ അന്തിമ പാദമാകയാൽ വളരെ കുറച്ച് ദിവസങ്ങൾ മാത്രമാണ് നിർവ്വഹണത്തിനായി ലഭിക്കുന്നത്.

സി) ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമ സഭകളിൽ നിന്നും ലഭ്യമായിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിലെ അംഗങ്ങളെ തെരഞ്ഞെടുത്തതിനു ശേഷം മാത്രമാണ് ജില്ലാ പഞ്ചായത്ത് മെമ്പർമാർ ഹാജരാക്കിയ ലിസ്റ്റിൽ നിന്നുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയുണ്ടായത്.

ഡി) അതത് സാമ്പത്തിക വർഷത്തിന്റെ അവസാനമാകുമ്പോഴേക്കും ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടിയിരുന്നു.

ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചുവെങ്കിലും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ദുർബല വിഭാഗങ്ങളുടെ "തലചായ്ക്കാനൊരിടം" എന്ന ദീർഘ നാളത്തെ സ്വപ്നം സാക്ഷാത്ക്കരിച്ചിട്ടുള്ളതും ജനകീയാസൂത്രണത്തിന്റെ ആദ്യ കാലങ്ങളിൽ അറിവില്ലായ്മ മൂലം കുറച്ചൊക്കെ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ഭരണസമിതി ശ്രദ്ധിച്ചിട്ടുള്ളതുമായതിനാൽ ജില്ലാ പഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സാധൂകരണത്തിനായി പരാമർശം (2) മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാന സ്വഭാവമുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സ.ഉ (സാധാ) നം.1352/11 തീയതി 03.06.11 ഉത്തരവിന്റെ വെളിച്ചത്തിലും സെക്രട്ടറിയുടെ മറുപടിയുടെയും കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിലും ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. പ്രസ്തുത സാഹചര്യത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 99-2000 മുതൽ 2001-2002 വരെയുള്ള കാലയളവിലെ ഭവന നിർമ്മാണ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുണ്ടായ വീഴ്ചകൾക്ക്, ഭാവിയിൽ ഗുണഭോക്തൃ ലിസ്റ്റ് നിയമാനുസൃത മാനദണ്ഡങ്ങൾ പാലിച്ച് മാത്രമെ തയ്യാറാക്കാവൂ എന്ന താക്കീതോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്, കോട്ടയം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ,